# കേരള സർക്കാർ

## ജലസേചന(ചെറുകിട ജലസേചന വിഭാഗം) വകുപ്പ്

## ദർഘാസ് പരസ്യം

നെയ്യാറ്റിൻകര ചെറുകിട ജലസേചന വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ്എൻജിനീയർ, കേരള ഗവർണർക്കു വേണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പിലോ, പൊതു മരാമത്ത് വകുപ്പിലോ രജിസ്റ്റർ ചെയ്തിട്ടുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തികളുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം | ദർഘാസ് നം. | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | പണി പൂർത്തികരിക്കാനുള്ള കാലാവധി | നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) | കരാറുകാരുടെ യോഗ്യത | ദർഘാസ് സ്വീകരിക്കുന്ന അവസാനതിയതി |
|---|---|---|---|---|---|---|---|
| 1 | 24/AE EMI/17-18 | പദ്ധതിസംരക്ഷണം:കല്ലിയൂർപഞ്ചായത്തിൽകന്നുകാലിച്ചാൽ തോടിനുകുറുകെകിരീടംപാലത്തിന്റെനവീകരണം. അടങ്കൽതുക:രൂപ 300000/- | 2 മാസം | 7500/- | 600+12% GST | ക്ലാസ്സ് ഡി-യും അതിനു മുകളിലും | 10/04/2018 |
| 2 | 25/AE EMI/17-18 | പദ്ധതിസംരക്ഷണം: വെള്ളായണി കായൽ റിക്ലമേഷൻ സ്കീം-നേമം മണ്ഡലത്തിലെ നിലമേൽകരി പമ്പ് ഹൌസിലെ സിവിൾ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നിവയുടെ അറ്റകുറ്റപ്പണികൾ- അടങ്കൽ തുക:രൂപ 200000/- . | 2 മാസം | 5000/- | 500+12% GST | ക്ലാസ്സ് ഡി-യും അതിനു മുകളിലും | 10/04/2018 |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദവിവരങ്ങളും 02/04/2018 മുതൽ 07/04/2018 വൈകുന്നേരം 4.00 മണിവരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും താഴെ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകളുടെ കൂടെ 200/-(ഇരുനൂറ്) രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിലുള്ളത് പ്രകാരം തയ്യാറാക്കിയ പ്രാഥമിക കരാർ പത്രം ഇല്ലാതെ സമർപ്പിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. 1984-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പനുസരിച്ച് പ്രസ്തുത പണിയെടുക്കുന്ന കരാറുകാരൻ പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാധ്യസ്ഥനാണ്. നിരതദ്രവ്യം നെയ്യാറ്റിൻകര ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എന്ജിനീര്ക്ക് മാറ്റിയെടുക്കതക്ക രീതിയില് വാങ്ങേണ്ടതും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

Scanned by CamScanner

വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എന്ജിനീർക്ക് മാറ്റിയെടുക്കതക്ക രീതിയില് വാങ്ങേണ്ടതും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

പൂരിപ്പിച്ച ദർഘാസുകൾ രജിസ്റ്റേർഡ്തപാൽ/സ്പീഡ് പോസ്റ്റ് മുഖേന മാത്രം 10/04/2018 ഉച്ചയ്ക്ക് 2.00 മണിക്ക് മുൻപായി താഴെ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. കൊറിയർ സർവീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് നമ്പരും, പ്രവൃത്തിയുടെ പേരും രേഖപ്പെടുത്തിയ മുദ്ര വച്ച കവറിലായിരിക്കണം ദർഘാസുകൾ സമർപ്പിക്കേണ്ടത്. ലഭിച്ച ദർഘാസുകൾ 10/04/2018 വൈകുന്നേരം 3.00 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരാകുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ് . അന്നേ ദിവസം അവധിയായാല് തൊട്ടടുത്ത പ്രവൃത്തി ദിവസം 2.00 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00 മണിക്ക് തുറക്കുന്നതുമാണ്. നിരത ദ്രവ്യമായി "ഇന്ദിരാവികാസ്പത്ര" സ്വീകരിക്കുന്നതല്ല. ജല വിഭവ വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ദർഘാസുകളെ സംബന്ധിക്കുന്ന മറ്റെല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ദർഘാസിനോടൊപ്പം അവരുടെ യോഗ്യത, കൈവശമുള്ള പണികൾ അവർക്കെടുക്കാവുന്ന പണികളുടെ സാമ്പത്തിക പരിധി മുതലായവ ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്ന് ലഭിച്ചത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജി.ഓ(പി)നം.84/97/പി.ഡബ്ളിയു.ആൻറ്റി പ്രകാരമുള്ള നിബന്ധനകളെല്ലാം ഈ ദർഘാസിനും ബാധകമാണ്.

നം. ഡി/2/52/2018 ടെണ്ടർ
തീയതി: 28/3/2018
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ചെറുകിട ജലസേചന ഉപവിഭാഗം
നെയ്യാറ്റിൻകര.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
(കേരള ഗവർണർക്കു വേണ്ടി)

Scanned by CamScanner